കുഴൽ കിണറുകൾ.

1381. [28] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനാരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ, 1958-59-ൽ ആകെ എത്ര കുഴൽ കിണറുകൾ കുഴിച്ചു ;

(ബി) അതിൽ എത്രയെണ്ണം പ്രയോജനപ്രദമായി ;

(സി) ആകെ എത്ര കിണറുകൾ കുഴിക്കാനാണ് ലിസ്റ്റ് തയ്യാറാക്കിയിരുന്നത് ;

(ഡി) ഡിപ്പാർട്ട്മെന്റിനു് എത്ര ബോറിംഗ് യന്ത്രങ്ങളുണ്ട് ;

(ഇ) അതിൽ എത്രയെണ്ണം പ്രവർത്തനയോഗ്യമായിട്ടുണ്ട് ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ) എ. ആർ. മേനോൻ) :

(എ) 59
(ബി) 39
(സി) 90
(ഡി) 15
(ഇ) 15

ഭ്രപണയബാങ്കു് ഉദ്യോഗസ്ഥന്മാർ

* 1377. [29] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് നിലവിൽവന്നതിനുശേഷം ഭ്രപണയബാങ്കു് ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റുദ്യോഗസ്ഥന്മാരായി ഡിക്ലയർചെയ്തിട്ടുണ്ടോ ;

(ബി) കൊച്ചിൻ കോവാപ്പറേറീവു ഭ്രപണയബാങ്കിലെ ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റുദ്യോഗസ്ഥന്മാരായി കണക്കാക്കി കോവാപ്പറേറീവു് ഡിപ്പാർട്ടുമെന്റിൽ ഇൻറിഗ്രേറ്റു ചെയ്യുവാൻ കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതു തീയതി മുതൽക്കാണു് ഈ കല്പന ബലത്തിൽ വരുന്നതു് ;

(ഡി) ഏതടിസ്ഥാനത്തിലാണു് ഒരു സഹകാരിബാങ്കിലെ ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റുദ്യോഗസ്ഥന്മാരായി കണക്കാക്കുവാൻ തീരുമാനിച്ചിട്ടുള്ളതു് ;

(ഇ) പ്രസ്തുത സംഗതിയെസംബന്ധിച്ചു് 1958 സെപ്റ്റംബർ 9-ാംതീയതി വല്ല കൂടിയാലോചനയും നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽ ആരൊക്കെ പങ്കെടുത്തു ; കൺഫറൻസിന്റെ തീരുമാനം എന്തായിരുന്നു ; തീരുമാനങ്ങളുടെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ;

(എഫ്) പ്രസ്തുത തീരുമാനത്തിൽ ആരൊക്കെ സമ്മതിച്ചു് ഒപ്പു വച്ചിട്ടുണ്ടു് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഇല്ല.

(ബി) 14-5-1958 വരെ സർക്കാർ ജീവനക്കാർ എന്ന നിലയിൽ പ്രവർത്തിച്ചിരുന്ന, കൊച്ചി സഹകരണ ഭ്രപണയബാങ്കിലെ ജീവനക്കാരെ അപ്പോഴും നിലവിലിരുന്ന സർവ്വീസു വ്യവസ്ഥയിൽ തുടരാനും, അവർ ഗവണ്മെന്റിന്റെ തത്തുല്യമായ സർവ്വീസിൽ അതായതു് കോവാപ്പറേറീവു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

സർവ്വീസ്, കോവാപ്പറേറീവ് സബോർഡിനേറ്റ് സർവ്വീസ്, മിനിസ്റ്റീരിയൽ സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എന്നിവയിൽപ്പെടുന്നതായി കരുതപ്പെട്ടുവരുന്നു. സെറികരണ്ഡിപ്പാർട്ടുമെൻറിനോട് സംയോജിപ്പിക്കുവാൻ ഉത്തരവായിട്ടില്ല.

(സി) സംയോജിപ്പിക്കുവാൻ ഉത്തരവായിട്ടില്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) (എ)-നുടെ ഉത്തരം കൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

(ഇ) പ്രസ്തുത സംഗതിയെ സംബന്ധിച്ച്, അതായത് ട്രിപണയബാങ്കു് ഉദ്യോഗസ്ഥന്മാരെ ഗവണ്മെൻറുദ്യോഗസ്ഥന്മാരായി കണക്കാക്കുന്നതിനെപ്പറ്റി കൂടിയാലോചനകളും ഉണ്ടായിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : കൂടിയാലോചനയിലെ തീരുമാനത്തിനെതിരായിട്ട് കോവാപ്പറേറീവ് രജിസ്ട്രാർ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; ബാങ്കിലെ ഉദ്യോഗസ്ഥന്മാരെ ഗവണ്മെൻറുദ്യോഗസ്ഥന്മാരായി പരിഗണിക്കുന്നതിനെ സംബന്ധിച്ചിടത്തോളം എതിരഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൊച്ചിൻ ട്രിപണയബാങ്കിലെ ഉദ്യോഗസ്ഥന്മാർ ഒരു പ്രത്യേക ആക്ടിൻറെ കീഴിൽ, ഗവണ്മെൻറുദ്യോഗസ്ഥന്മാരെന്നു കരുതപ്പെട്ടിരുന്നവരാണ്; ആ ബാങ്കിനു് പാരമ്പര്യമായിട്ട് തിരുവിതാംകൂറിൽ ട്രിപണയബാങ്കു് ഉണ്ടായിരുന്നില്ല. തന്നിമിത്തം സംയോജനത്തിനു ശേഷം കേരള ട്രിപണ്യബാങ്കു് സ്ഥാപിച്ചപ്പോൾ, കൊച്ചിൻ ട്രിപണയബാങ്കിൽ മുൻപു ജോലിനോക്കിയിരുന്ന ഉദ്യോസ്ഥന്മാരുടെ അവകാശം പരിഗണിക്കേണ്ടതായി വന്നതാണ്. അതു പാടില്ലെന്നു് മറ്റൊരാൾക്കും പറയാൻ കാര്യമില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : (ബി) വകുപ്പുചോദ്യത്തിനു് അതുവരെ ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരെന്നനിലയിൽ ജോലിനോക്കിവന്നിരുന്ന ബാങ്കിലെ ജോലിക്കാർ എന്നു പറഞ്ഞിരിക്കുന്നു. ഗവണ്മെൻറുനിയമിച്ച ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറുദ്യോഗസ്ഥന്മാർതന്നെയല്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൊച്ചിൻ ട്രിപണയബാങ്കിൽ ജോലിനോക്കിയിരുന്നവരെ കൊച്ചി ഗവണ്മെൻറു് അയച്ചതായിരുന്നു. അവർ ഗവണ്മെൻറു് അയച്ചു് ജോലിനടത്തിയിരുന്നവരായതുകൊണ്ടു് അവിടെ പ്രവർത്തിച്ചിരുന്നകാലത്തോളം ഗവണ്മെൻറുദ്യോഗസ്ഥന്മാരായിതന്നെ പരിഗണിക്കപ്പെടുന്നതാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ചാർട്ടർജി റിപ്പോർട്ടിൽ അങ്ങനെ പരിഗണിക്കണമെന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ചാർട്ടർജി റിപ്പോർട്ടിൽ ഉണ്ടായാലും, ഇല്ലെങ്കിലും അവർ ഗവണ്മെൻറുദ്യോഗസ്ഥന്മാർ ആയിരുന്നു; അവരുടെ അവകാശങ്ങളെ മാനിക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ട്; അതിനു വേണ്ട നടപടി എടുക്കുന്നുണ്ട്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : കേരളസംസ്ഥാനം രൂപവൽക്കരണത്തോടുകൂടി, സർവ്വീസു സംയോജനം സംബന്ധിച്ച ഈ കാര്യം പരിഗണിക്കാതിരുന്നതെന്താണ് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൊച്ചിൻ ട്രിപണ്യബാങ്കു പോലെ ഇവിടെ വേറെ സ്ഥാപനമില്ലായിരുന്നു. അതിനുശേഷം, കേരള ട്രിപണയബാങ്കു് സ്ഥാപിച്ചു് കൊച്ചിൻ ട്രിപണയബാങ്കു അഫിലിയേറുചെയ്ത അവസരത്തിൽ മാത്രമാണ് ഈ പ്രശ്നം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ വന്നതു്.

LIBRARY ARCHIVES Kerala Legislative Assembly